"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - എൽ.എം.എസ്.- അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 343/2006 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക നൽകുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2031/2025/LSGD

തീയതി,തിരുവനന്തപുരം, 16-08-2025

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ.343/2006 നമ്പർ കേസിന്മേലുള്ള 27/03/2009 തീയതിയിലെ വിധിന്യായം.
2. ബഹു. കേരള ഹൈക്കോടതിയുടെ എൽ.എ.എ. 186/2012 നമ്പർ അപ്പീലിന്മേലുള്ള 04/02/2015 തീയതിയിലെ വിധിന്യായം.
3. സ.ഉ.(പി)നം.32/2019/ധന തീയതി 18/03/2019
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 24/09/2024 തീയതിയിലെ എ3/3811/2006/ട്രിഡ നമ്പർ കത്ത്.
5. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 26/06/2025 തീയതിയിലെ DCTVM/5888/2024-K9 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി എൽ.എം.എസ്. - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി എൽ.എ.സി. 161/05 പ്രകാരം ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 343/2006 നമ്പർ കേസിൽ ബഹു. ഹൈക്കോടതിയുടെ പരാമർശം (2) വിധിന്യായത്തിന്റെ അടിസ്ഥാനത്തിലുള്ള ബാലൻസ് തുകയായ 8,02,781/- രൂപ (എട്ട് ലക്ഷത്തി രണ്ടായിരത്തി എഴുന്നൂറ്റി എൺപത്തിയൊന്ന് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (4), (5) എന്നിവ പ്രകാരം യഥാക്രമം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി എൽ.എം.എസ്. - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി 0.07 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 343/2006 നമ്പർ കേസിലെ ബാലൻസ്

വിധിക്കടത്തുകയായ 8,02,781/- രൂപ (എട്ട് ലക്ഷത്തി രണ്ടായിരത്തി എഴുന്നൂറ്റി എൺപ്പത്തിയൊന്ന് രൂപ മാത്രം) '4217-60-800-93 Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ നിന്നും ടി കേസിലെ കക്ഷികളായ ശ്രീമതി കൃഷ്ണമ്മാൾ, ശ്രീ. ഷൺമുഖം പിള്ള എന്നിവർക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ശ്രീമതി കൃഷ്ണമ്മാൾ, റ്റി.സി.25/2364, എം.ജി.റോഡ്, തിരുവനന്തപുരം 695 001 (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).

ശ്രീ. ഷൺമുഖം പിള്ള, റ്റി.സി.25/2364, എം.ജി.റോഡ്, തിരുവനന്തപുരം 695 001 (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന)

സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.

ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,

ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/243/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by

Biju. B

Date: 18-08-2025 10:44:11

സെക്ഷൻ ഓഫീസർ